"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ് - സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി-2025-26 സാമ്പത്തിക വർഷം-പദ്ധതി നടത്തിപ്പിനായി നാലാം ഗഡുവായി 18 കോടി രൂപയുടെ റിലീസ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ(സി) വകുപ്പ്

സ.ഉ.(സാധാ) നം.4/2026/ID   തീയതി,തിരുവനന്തപുരം, 01-01-2026

---

പരാമർശം:-

1. സ.ഉ(സാധാ)നം.670/2025/വ്യവ തീയതി 06/06/2025
2. സ.ഉ(സാധാ)നം.766/2025/വ്യവ തീയതി 27/06/2025
3. സ.ഉ(സാധാ)നം.1048/2025/വ്യവ തീയതി 12/08/2025
4. സ.ഉ(സാധാ)നം.1132/2025/വ്യവ തീയതി 27/08/2025
5. സ.ഉ(സാധാ)നം.1318/2025/വ്യവ തീയതി 16/10/2025
6. കൈത്തറി ഡയറക്ടറുടെ 12/12/2025 തീയതിയിലെ എച്ച്.എൽ/1266/2025-സി2 നമ്പർ കത്ത്

ഉത്തരവ്

2025-26 സാമ്പത്തിക വർഷത്തെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടത്തിപ്പിനായി, നടപ്പ സാമ്പത്തിക വർഷം 2202-01-102-95(02)(പി) ശീർഷകത്തിൻ കീഴിൽ വകയിരുത്തിയിട്ടുള്ള 70 കോടി രൂപയ്ക്ക് സൂചന(1)പ്രകാരം ഭരണാനുമതി നൽകുകയും രണ്ടു ഗഡുക്കളായി 14 കോടി രൂപ വീതം സൂചന (2) & (4) പ്രകാരം റിലീസ് അനുമതി നൽകുകയും ചെയ്തിരുന്നു. കൂടാതെ, പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷം റിലീസ് അനുമതി ലഭ്യമായിട്ടും റിലീസ് ചെയ്തു നൽകുവാൻ ബാക്കി നിൽക്കുന്ന 6,58,09,926/- രൂപയ്ക്ക് നടപ്പ സാമ്പത്തിക വർഷം 2202-01-102-95(02)(പി) ശീർഷകത്തിൻ കീഴിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്നും സൂചന(3)പ്രകാരം റിലീസ് അനുമതി നൽകിയിരുന്നു. പിന്നീട്, പദ്ധതിയ്ക്കായി, മൂന്നാം ഗഡുവായി, നടപ്പ സാമ്പത്തിക വർഷത്തെ 2202-01-102-95(02)(പി)ശീർഷകത്തിൻ കീഴിൽ 10 കോടി രൂപയ്ക്കും റീലിസ് അനുമതി നൽകി ഉത്തരവാകുകയുണ്ടായി. അപ്രകാരം സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയ്ക്കായി 2025-26 സാമ്പത്തിക വർഷം 44.58 കോടി രൂപയ്ക്കാണ് റിലീസ് അനുമതി നൽകിയിരുന്നത്.

(2) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ പ്രധാന ഘടകങ്ങളായ നെയ്ത്തു കൂലി/നൂൽ വില/ഡൈയിംഗ് ചാർജ്സ്/ട്രാൻസ്പോ ർട്ടേഷൻ ചാർജസ്/ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർമാരുടെ വേതനം എന്നിവയിലുള്ള കുടിശ്ശിക വർധിക്കുന്നതായും അത് അടുത്ത അധ്യയന വർഷത്തേക്കുള്ള യൂണിഫോം തുണി ഉൽപാദനത്തെ സാരമായി ബാധിക്കുകയും വിതരണത്തെ പ്രതികൂലമായി ബാധിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതായും കൈത്തറി

ഡയറക്ടർ സൂചന (6) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. അതിനാൽ, സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയ്ക്കായി 2025-26 സാമ്പത്തിക വർഷം റീലിസ് ചെയ്യുവാൻ ബാക്കി നിൽക്കുന്ന 25.42 കോടി രൂപ അടിയന്തരമായി അനുവദിച്ച് നൽകണമെന്നും കൈത്തറി ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 സാമ്പത്തിക വർഷത്തെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി, നാലാം ഗഡുവായി, നടപ്പ സാമ്പത്തിക വർഷത്തെ 2202-01-102-95(02)(പി) ശീർഷകത്തിൻ കീഴിൽ 18,00,00,000/- രൂപ (പതിനെട്ട് കോടി രൂപ മാത്രം), ചുവടെ ചേർക്കുന്ന ഘടകങ്ങൾക്കായി, റിലീസ് ചെയ്യുന്നതിനായി അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | ഇനം | തുക (രൂപയിൽ) |
|---|---|---|
| 1 | നെയ്ത്തു കൂലി (ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ) | 8,50,00,000/- |
| 2 | നൂൽ വില | 5,21,00,000/- |
| 3 | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് | 50,00,000/- |
| 4 | ഡൈയിംഗ് ചാർജ്ജ് (കഴിഞ്ഞ വർഷത്തെ) | 2,47,00,000/- |
| 5 | ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർമാരുടെ വേതനം | 32,00,000/- |
| 6 | സ്കൂൾ യൂണിഫോം ഡൈയിംഗ് ചാർജ്ജ് അഡ്വാൻസ് (2026-27 വർഷം) | 1,00,00,000/- |
| | ആകെ | 18,00,00,000/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

പൊതുവിദ്യാഭ്യാസഡയറക്ടർ, തിരുവനന്തപുരം.
കൈത്തറി & ടെക്സ്റ്റൈൽ ഡയറക്ടർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (എം) വകുപ്പ്.
ധനകാര്യ (Education A) വകുപ്പ്.
ധനകാര്യ (I&PW-A) വകുപ്പ് ( E 2900918/I &PW-A3/80/2024-Fin dated 30/12/2025 പ്രകാരം)
ധനകാര്യ (Budget) വകുപ്പ്.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.
വിവര-പൊതുജനസമ്പർക്ക വകുപ്പ്.
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by
Anilkumar P
Date: 03-01-2026 10:49:33

പകർപ്പ് - ബഹു.വ്യവസായവകുപ്പ് മന്ത്രിയുടെ പി.എസ്